# CURRENT AFFAIRS 09 JULY 2025



ആസ്ത പുനിയ



എസ്. ശിവകുമാർ





ശുഭ്മാൻ ഗിൽ

**നാവികസേനയിൽ യുദ്ധവിമാനം പറത്താൻ പരിശീലനം നേടിയ ആദ്യ വനിത**
**സബ് ലെഫ്റ്റനന്റ് ആസ്ത പുനിയ**

---

**2025 ജൂലൈയിൽ എയർ ഹെഡ്ക്വാർട്ടേഴ്സിൽ എയർ ഓഫീസർ-ഇൻ-ചാർജ് അഡ്മിനിസ്ട്രേഷൻ (AOA) ആയി നിയമിതനായ മലയാളി**
**എയർ മാർഷൽ എസ്. ശിവകുമാർ**

---

**പ്രഥമ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിന്റെ വേദി**
**ശ്രീനഗർ**

- ശ്രീനഗറിലെ ദാൽ തടാകത്തിലാണ് ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിന്റെ ഭാഗമായുള്ള മത്സരങ്ങൾ നടക്കുന്നത്.
- മൂന്ന് ദിവസത്തെ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവലിൽ കയാക്കിംഗ്, കനോയിംഗ്, റോയിംഗ്, വാട്ടർ സ്കീയിംഗ്, ഷിക്കാര റേസ്, ഡ്രാഗൺ ബോട്ട് എന്നിങ്ങനെ അഞ്ച് കായിക ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

---

**ഒരു ടെസ്റ്റ് മത്സരത്തിൽ ഏറ്റവും കൂടുതൽ റൺസ് നേടുന്ന ഇന്ത്യൻ താരമെന്ന നേട്ടം സ്വന്തമാക്കിയ താരം**
**ശുഭ്മാൻ ഗിൽ**

- എഡ്ജ്ബാസ്റ്റണിൽ ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് മത്സരത്തിൽ രണ്ട് ഇന്നിങ്സിലുമായി 430 റൺസ് സ്കോർ ചെയ്താണ് ശുഭ്മാൻ ഗിൽ ഈ നേട്ടം സ്വന്തമാക്കിയത്.
- 1971-ൽ പോർട്ട് ഓഫ് സ്പെയിനിൽ വെസ്റ്റിൻഡീസിനെതിരേ സുനിൽ ഗാവസ്ക്കർ നേടിയ 344 റൺസിന്റെ റെക്കോഡാണ് ശുഭ്മാൻ ഗിൽ മറികടന്നത്.
- മാത്രമല്ല ചരിത്രത്തിൽ ഒരു ടെസ്റ്റിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ രണ്ടാമത്തെ താരമെന്ന നേട്ടവും ഗില്ലിന് സ്വന്തമായി. 1990ൽ ഇന്ത്യയ്ക്കെതിരായ ടെസ്റ്റിൽ രണ്ട് ഇന്നിങ്സിലുമായി 456 റൺസ് നേടിയ ഗ്രഹാം ഗൂച്ചാണ് ഈ പട്ടികയിൽ മുന്നിൽ.

---

**25 വർഷത്തെ പ്രവർത്തനത്തിന് ശേഷം 2025 ജൂലൈയിൽ പാകിസ്ഥാനിലെ പ്രവർത്തനം അവസാനിപ്പിച്ച വിവര സാങ്കേതികവിദ്യാകമ്പനി**
**മൈക്രോസോഫ്റ്റ്**